LIBRARY ARCHIVES Kerala Legislative Assembly

(2) റാന്നി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

ശ്രീ. രാജു എബ്രഹാം : സർ, കഴിഞ്ഞ അഞ്ചു വർഷക്കാലമായി ബഡ്ജറ്റിൽ റാന്നി മിനി സിവിൽ സ്റ്റേഷനുവേണ്ടി പണം തുടർച്ചയായി അനുവദിച്ചുവരികയാണ്. പക്ഷേ ചുവപ്പ് നാടയിൽപ്പെട്ട് ഫയൽ കുരുങ്ങി കിടക്കുകയാണ്. ഇത് പി.ഡബ്ല്യൂ.ഡി. വകുപ്പിനാകെ നാണക്കേടാണ്. അതുകൊണ്ട് ഈ കുരുക്ക് അഴിച്ച് ഈ വർക്ക് ടെണ്ടർ ചെയ്യാൻവേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മരാമത്തു വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, 2001-2002-ലെ ബഡ്ജറ്റിൽ റാന്നി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിലേയ്ക്കായി 20 ലക്ഷം രൂപ ഉൾക്കൊള്ളിക്കുകയുണ്ടായി. സിവിൽ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുകയും അതിനായി മൂന്നു നിലകളോടുകൂടിയ 3669 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 225 ലക്ഷംരൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിനായി 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത പണിക്ക് സർക്കാർ ഉത്തരവ് 7-2-2002-ൽ ഭരണാനുമതിയും, സർക്കാർ ഉത്തരവ് പ്രകാരം 13-8-2002-ൽ പ്രത്യേക അനുമതിയും നൽകുകയുമുണ്ടായി. ഇതിന്റെ നിർമ്മാണത്തിനായി മണ്ണ് പരിശോധന പൂർത്തിയായി വിശദമായ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. റവന്യൂ ടവർ നിർമ്മാണത്തിനായി റവന്യൂ വകുപ്പു ഹൗസിംഗ് ബോർഡിന് കൈമാറിയ സ്ഥലം റവന്യൂ ടവർ നിർമ്മാണം ആരംഭിക്കാത്തതുകൊണ്ട് തിരികെ മരാമത്ത് വകുപ്പിന് കൈമാറുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർ നടപടി ആരംഭിച്ചിട്ടുണ്ട്.

(3) വർക്കലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക്, ഐ.ടി.ഐ. എന്നിവ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വർക്കല കഹാർ : സർ, എന്റെ നിയോജകമണ്ഡലമായ വർക്കലയിൽ സർക്കാർ ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ സാങ്കേതിക സ്ഥാപനങ്ങൾ ഒന്നുമില്ല. ഗവൺമെന്റ് പുതിയ സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങാൻ നയപരമായി തീരുമാനം എടുക്കുമ്പോൾ എഞ്ചിനീയറിംഗ് കോളേജോ പോളിടെക്നിക്കോ ഐ.റ്റി.ഐ.യോ തുടങ്ങുകയാണെങ്കിൽ അത് വർക്കലയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. അടിസ്ഥാന സൗകര്യം ഉറപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങളും ജനങ്ങളും തയ്യാറാണെന്നുള്ള വിവരം അറിയിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, തിരുവനന്തപുരത്ത് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിൽ ആരംഭിച്ച ഒരു എഞ്ചിനീയറിംഗ് കോളേജിന് എ.ഐ.സി.ടി.ഇ.-യുടെ നിയന്ത്രണങ്ങൾക്കനുസൃതമായ കെട്ടിടവും മറ്റ് യന്ത്രസാമഗ്രികളും വാങ്ങാൻ തുക കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ പശ്ചാത്തലത്തിൽ ആ പ്രദേശത്തുള്ള ആളുകൾ മറ്റ് സൗകര്യങ്ങളൊക്കെ ചെയ്തുതരാമെന്ന് പറഞ്ഞ സാഹചര്യത്തിൽ ഒരു പോളിടെക്നിക് ആരംഭിക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാം.